പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4569 | 21.03.2018 ൽ മറുപടിയ്ക്ക് |
|---|---|
| **അംഗൻവാടി കെട്ടിടങ്ങൾ** | |
| ചോദ്യം | ഉത്തരം |
| **ശ്രീ.ജി.എസ്.ജയലാൽ**<br>**,, ചിറ്റയം ഗോപകുമാർ**<br>**,, കെ. രാജൻ**<br>**,, വി.ആർ. സുനിൽ കുമാർ** | **ശ്രീമതി കെ.കെ.ശൈലജ ടീച്ചർ**<br>**(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ മന്ത്രി)** |
| (എ) സംസ്ഥാനത്ത് അംഗൻവാടികൾ പ്രവർത്തിക്കുന്നത് മതിയായ അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്ത കെട്ടിടങ്ങളിലാണെന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) സംസ്ഥാനത്ത് 33115 അങ്കണവാടികൾ പ്രവർത്തിക്കുന്നുണ്ട്. അവയിൽ 22588 അങ്കണവാടികൾക്ക് സ്വന്തമായി കെട്ടിടമുണ്ട്. 6965 അങ്കണവാടികൾ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. 777 അങ്കണവാടികൾക്ക് വിവിധ പദ്ധതികളിൽ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നുണ്ട്. ആകയാൽ മതിയായ അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്ത കെട്ടിടങ്ങളിൽ അങ്കണവാടികൾ പ്രവർത്തിക്കുന്നില്ല. |
| (ബി) പ്രസ്തുത കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണി യഥാസമയം ചെയ്യുന്നുണ്ടോയെന്ന് പരിശോധിക്കാറുണ്ടോ; വ്യക്തമാക്കുമോ;<br>(സി) അംഗൻവാടികളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത് എന്നറിയിക്കുമോ? | (ബി)&(സി) ഉണ്ട്. അങ്കണവാടികൾ പ്രവർത്തിക്കേണ്ട കെട്ടിടത്തിന്റെ ഫിറ്റ്നസ്, കെട്ടിടം സ്ഥിതി ചെയ്യുന്ന സ്ഥലം, ചുറ്റുപാടുകൾ എന്നിവ തീർത്തും സുരക്ഷിതമാണെന്ന് സി.ഡി.പി.ഒ, സൂപ്പർവൈസർ എന്നിവർ സ്ഥലം പരിശോധിച്ച് ഉറപ്പ് വരുത്തുന്നതിന് പുറമെ അങ്കണവാടി കെട്ടിടം സ്ഥിതി ചെയ്യുന്ന സ്ഥലം, ചുറ്റുപാടുകൾ എന്നിവ കൃത്യമായ ഇടവേളകളിൽ സന്ദർശിച്ച് സുരക്ഷിതത്വം ഉറപ്പ് വരുത്തുവാനും നിർദ്ദേശിച്ചിട്ടുണ്ട്.<br>നിലവിലുള്ള സ്വന്തമായി കെട്ടിടമുള്ള അങ്കണവാടികളിൽ പലതും കാലപ്പഴക്കം കൊണ്ട് അറ്റകുറ്റപ്പണികൾ ചെയ്യേണ്ട അവസ്ഥയിലാണ്. അങ്കണവാടികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുള്ള സ്ഥാപനങ്ങളാണ്. അങ്കണവാടികളുടെ |

| | |
|---|---|
| | അടിസ്ഥാന സൗകര്യങ്ങൾ [illegible] തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ്. അങ്കണവാടി കെട്ടിടങ്ങളുടെ നിർമ്മാണത്തിനും, നവീകരണത്തിനുമായി എല്ലാ സാമ്പത്തിക വർഷവും വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി ഫണ്ട് അനുവദിച്ച് വരുന്നു. ബന്ധപ്പെട്ട സി.ഡി.പി.ഒ, സൂപ്പർവൈസർ എന്നീ ഉദ്യോഗസ്ഥർ അങ്കണവാടികളുടെ അറ്റകുറ്റപ്പണികൾ യഥാസമയം നടത്തി വരുന്നുണ്ടോ എന്ന് പരിശോധിക്കാറുണ്ട്. ടി ഉദ്യോഗസ്ഥർ റിപ്പോർട്ട് ചെയ്യുന്നതിന്റെ അടിസ്ഥാനത്തിൽ അങ്കണവാടി കെട്ടിടങ്ങളുടെ നവീകരണത്തിനായി ഫണ്ട് അനുവദിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ